കേരള സർക്കാർ

ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

<u>പരിപത്രം</u>

നം.64/2020/ധന

തീയതി, തിരുവനന്തപുരം, 30.10.2020

വിഷയം :- പുനർ നിയമനം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതു - സംബന്ധിച്ച്.

സൂചന :- 1. 07.10.2020-ലെ മന്ത്രിസഭാ യോഗത്തിന്റെ ഇനം.4257 നമ്പർ കുറിപ്പ്.
2. സർക്കുലർ നം.530/SC1/2020/GA(SC) തീയതി 14.10.2020.

പുനർനിയമനം സംബന്ധിച്ച എല്ലാ പ്രൊപ്പോസലുകളും മന്ത്രിസഭാ യോഗത്തിനു മുമ്പാകെ സമർപ്പിക്കേണ്ടതാണ് എന്ന റൂൾസ് ഓഫ് ബിസിനസിലെ വ്യവസ്ഥകൾ ചില വകുപ്പുകൾ പാലിക്കുന്നില്ലായെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ പുനർനിയമനം സംബന്ധിച്ച് ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(a) റൂൾസ് ഓഫ് ബിസിനസിലെ ഖണ്ഡിക 45 (i)(ii) പ്രകാരം, പുനർനിയമനം സംബന്ധിച്ച എല്ലാ പ്രൊപ്പോസലുകളും മന്ത്രിസഭാ യോഗത്തിനു മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(b) മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കിയതിനു ശേഷം മാത്രമേ പുനർനിയമനങ്ങൾ നടത്തുവാൻ പാടുള്ളൂ.

(c) വിജിലൻസ് ക്ലിയറൻസ് ലഭ്യമാക്കി, ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച ശേഷം മാത്രമേ പുനർനിയമനം സംബന്ധിച്ച പ്രൊപ്പോസലുകൾ മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ പാടുള്ളൂ.

(d) പുനർനിയമനം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസലുകളിലും മേൽ നിബന്ധനകൾ കർശനമായും പാലിക്കേണ്ടതാണ്.

(e) മേൽ വ്യവസ്ഥകൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ഉറപ്പു വരുത്തേണ്ടതാണ്. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നതിലുണ്ടാകുന്ന വീഴ്ചകൾ ഗൗരവമായി കാണുന്നതാണ്.

**അബ്ദുൾ ജലീൽ.എം**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് - പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർ

എല്ലാ അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറിമാർ.

ചീഫ് സെക്രട്ടറിയുടെ പ്രൈവറ്റ് സെക്രട്ടറി.

സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.

പൊതുഭരണ (എസ്.സി) വകുപ്പ്.

പബ്ലിക് റിലേഷൻസ് വകുപ്പ്.

നോഡൽ ഓഫീസർ, www.finance.kerala.gov.in

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**